DESPATCHED
ON...20/2/2020

21/01/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
**E-mail: sic@kerala.-nic.-in**

## ഹർജി നമ്പർ C.P. No.307(6)/2015/*എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.3400/എസ്.ഐ.സി–ജി 5/2015)*

സന്നിഹിതൻ

**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

ശ്രീ.എസ്സ്.സുരേന്ദ്രൻ
സുനില നിവാസ്
പാരിപ്പള്ളി പി.ഒ.,
കൊല്ലം– 691 574 } പരാതി ഹർജിക്കാരൻ

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി തഹസീൽദാർ
താലൂക്ക് ഓഫീസ് , കൊല്ലം. } എതിർകക്ഷി.

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 14.01.2014 |
| മറുപടി ലഭ്യമാക്കിയ തീയതി | 09.02.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 03.03.2015 |
| കമ്മീഷൻ പരാതി ലഭിച്ച തീയതി | 03.03.2015 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 06.12..2019, 21.01.2020<br>വീഡിയോ കോൺഫറൻസ് ഹാൾ,കളക്ടറേറ്റ്,കൊല്ലം |
| ഹിയറിംഗിലെ സാന്നിധ്യം :പരാതി ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി(21.01.2020) |

RIGHT TO INFORMATION

# ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. എസ്സ്.സുരേന്ദ്രൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ എതിർകക്ഷി യാതൊരു മറുപടിയും നൽകിയിട്ടില്ലായെന്നാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, താഴെപ്പറയുന്ന വിവരങ്ങളാണ്:

i) പാരിപള്ളി വില്ലേജിൽ ബ്ലോക്ക് 37 സർവ്വേ 261/27 ൽ പ്പെട്ട 6.37 ആർ പുരയിടം 7123-ാം നമ്പർ തണ്ടപ്പേർ പ്രകാരം പാരിപ്പള്ളി തെങ്ങുവിള വീട്ടിൽ സദാശിവൻ മകൻ ഗണേശൻ ടിയാന്റെ ഭാര്യ മണിമേഖല എന്നിവരുടെ പേരിലാണ് ഉള്ളതെന്നും അദാലത്ത് പോക്കുവരവു A161/95 പ്രകാരം പോക്കുവരവു ചെയ്തിരിക്കുകയാണെന്നും മേൽപ്പടി പോക്കുവരവു ഏത് ആധാര പ്രകാരമാണ് ചെയ്തു കൊടുത്തതെന്നും

ii) മേൽപ്പടി വില്ലേജിൽ ബ്ലോക്ക് 37 സർവ്വേ 261/28 ൽ 2.43 ആർ പുരയിടം 7124-ാം നമ്പർ പേരിൽ അദാലത്ത് പോക്കുവരവു A161/95 പ്രകാരം ഏത് ആധാര പ്രകാരമാണ് പോക്കുവരവു ചെയ്തു കൊടുത്തത് എന്നും മറ്റുമായി 3 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിലേയ്ക്കായി ഹർജിക്കാരന്റെ അപേക്ഷയുടെ പകർപ്പ് പാരിപ്പള്ളി വില്ലേജ് ഓഫീസർക്ക് അയച്ചുനൽകിയിട്ടുണ്ടെന്നാണ്. തുടർന്ന് പാരിപ്പള്ളി വില്ലേജ് ഓഫീസർ ഹർജിക്കാരന് 05.03.2015 തീയതി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

3. ഹർജിക്കാരന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം ടിയാന്റെ അപേക്ഷയിന്മേൽ യാതൊരു മറുപടിയും പാരിപ്പള്ളി വില്ലേജ് ഓഫീസിൽ നിന്നും ലഭിച്ചിരുന്നില്ലാ എന്നതായിരുന്നു എന്നു കാണുന്നു. പാരിപ്പള്ളി വില്ലേജ് ഓഫീസർ നൽകിയ മറുപടിയിൽ എന്തെങ്കിലും ആക്ഷേപമുണ്ടായിരുന്നുവെങ്കിൽ ആയത് ഒന്നാം അപ്പീൽ അധികാരി മുമ്പാകെ ചൂണ്ടിക്കാട്ടി അപ്പീൽ അപേക്ഷ സമർപ്പിക്കുക യായിരുന്നു വേണ്ടിയിരുന്നത്.

4. ഹർജിക്കാരന്റെ അപേക്ഷയിന്മേൽ പാരിപ്പള്ളി വില്ലേജ് ഓഫീസർ മറുപടി നൽകിയിരുന്നതായി കാണുന്നതിനാൽ, ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 21-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

**ഒപ്പ്**

**വിൻസൻ എം. പോൾ**
**മുഖ്യ വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)